(ഡി) വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ചും ഐ. ടി. ഐ. ഉൾപ്പെടെയുള്ള വകുപ്പിൽ നിലവിലുള്ള ട്രേഡുകൾ നിർത്തലാക്കുന്നതിനെതിരെയും സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെയും വിദ്യാർത്ഥികൾ സമരം ചെയ്യുന്നത് തടയാൻ വേണ്ടിയാണോ ഈ നടപടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,427 പേർക്ക് ഹാജർ കുറവായ കാരണത്താൽ പരീക്ഷ എഴുതാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) 2002 ജൂലൈയിൽ പ്രത്യേക അനുമതി ഒന്നുംതന്നെ നൽകിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) അല്ല. പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതും കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻ. സി. വി. ടി.-യാണ്. ആയതിനാൽ അവർ നിഷ്കർഷിച്ചിരിക്കുന്ന ഏറ്റവും കുറഞ്ഞ 80% ഹാജർ ശതമാനത്തിൽ ഇളവ് വരുത്തുവാൻ സംസ്ഥാന സർക്കാരിന് കഴിയുകയില്ല.

തൊഴിൽ വകുപ്പിലെ ക്ലാർക്കുമാരുടെ സ്ഥലംമാറ്റം

53 [5609] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലെ ക്ലാർക്കുമാരുടെ പൊതുസ്ഥലംമാറ്റം മാനദണ്ഡമനുസരിച്ച് വർഷങ്ങളായി നടക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അടിയന്തിരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിൽ മാനദണ്ഡമനുസരിച്ച് എല്ലാ വർഷവും ക്ലാർക്കുമാരുടെ പൊതുസ്ഥലംമാറ്റം സംവരണം നടത്തുന്നുണ്ട്. 2003-ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ബാധകമല്ല.

സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് പുനർനിയമനം ലഭിച്ച വികലാംഗർ

54 [5610] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർക്ക് വികലാംഗവർഷം പ്രമാണിച്ച് വിവിധ ക്ഷേമനിധി ബോർഡുകളിലായി എത്ര വികലാംഗരായ ജീവനക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾസ് നിലവിലുള്ള ക്ഷേമനിധി ബോർഡുകളിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly